# വി. മാമോദീസയുടെ തക്സ

(മാർ ഈശോയഹ്ബ് കാതോലിക്കാ പാത്രിയർക്കീസിനാൽ എഴുതപ്പെട്ടതും, പിന്നീട് മാർ ഈലിയ പാത്രിയർക്കീസിനാൽ പരിഷ്കരിക്കപ്പെട്ടതുമായ തക്സ)

## പ്രാരംഭം

*പുരോഹിതൻ ആരംഭിക്കുന്നു :*

പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റയും നാമത്താൽ എന്നേക്കും ആമീൻ.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം (മൂന്നു പ്രാവശ്യം)

ഭൂമിയിൽ സമാധാനം, മനുഷ്യർക്ക് നല്ല പ്രത്യാശ, എന്നും എന്നേയ്ക്കും ആമീൻ.

*എല്ലാവരും ചേർന്ന് :*

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ.
നിന്റെ രാജ്യം വരേണമേ.
"പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു.
സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ട്
സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു
മാലാഖമാരും മനുഷ്യരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് നിന്നോട് നിലവിളിക്കുന്നു"

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകട്ടെ. ഞങ്ങളുടെ ആവശ്യത്തിനുള്ള അപ്പം ഇന്ന് ഞങ്ങൾക്ക് തരികയും

ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കുകയും ചെയ്യേണമേ. ഞങ്ങളെ പരീക്ഷയിലേയ്ക്ക് പ്രവേശിപ്പിക്കയുമരുതേ. എന്നാൽ ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമീൻ

**പുരോഹിതൻ :** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**ശമ്മാശനും ജനവും :** അനാദി മുതൽ എന്നേയ്ക്കും ആമീൻ.

***എല്ലാവരും :***

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ നാമം പരിശുദ്ധമാക്കപ്പെടട്ടെ
നിന്റെ രാജ്യം വരേണമേ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ നീ ആകുന്നു.
സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ
നിന്റെ മഹത്വത്തിന്റെ ആധിക്യംകൊണ്ട്
സ്വർഗ്ഗങ്ങളും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ
എന്ന് നിന്നോട് നിലവിളിക്കുന്നു.

**ശമ്മാശൻ :** നാം പ്രാർത്ഥിക്കുക, നമ്മോടുകൂടെ സമാധാനം

(പുരോഹിതൻ പ്രാർത്ഥന ചൊല്ലുന്നു)

**സ്ലോത്ത :** ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവെ, നിന്റെ കൃപയിൻ കരുണകളാൽ ഞങ്ങളുടെ ജാതിയുടെ പുതുക്കത്തിന്നും രക്ഷയ്ക്കുമായി നല്കപ്പെട്ടതായ വിമോചനം നല്കുന്ന വിശുദ്ധ മാമോദീസാ രഹസ്യങ്ങളെ അനുഷ്ഠിക്കുന്നതിന്നായിട്ട് നിന്റെ മനോഗുണത്താൽ ഞങ്ങളുടെ ബലഹീനതയെ ശക്തീകരിക്കേണമെ. എന്നേക്കും സർവ്വനാഥനായ.......

**ഉത്തരം :** ആമീൻ

**സങ്കീർത്തനം 84 : 1 മുതൽ അവസാനംവരെ.**

**[സങ്കീർത്തനത്തിലെ ആദ്യവാചകത്തിനുശേഷവും സങ്കീർത്തനം മുഴുവൻ വായിച്ചതിനുശേഷവും "ബാവായ്ക്കും......." എന്നതിന്റെ അവസാനത്തിലും, ആദ്യസങ്കീർത്തനവാചകം ആവർത്തിച്ച് അതിന്റെ അവസാനത്തിലും "കാനോന വാക്യം" ചൊല്ലുന്നു. ഇത് പൊതുവെ തക്സയിലെ എല്ലാ സങ്കീർത്തനങ്ങൾക്കും ബാധകമാകുന്നു]**

**കാനോന വാക്യം :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ജിച്ചു മോഹിച്ചു പോകുന്നു.

**കാനോന വാക്യം : :** *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

1. സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ജിച്ചു മോഹിച്ചു പോകുന്നു.
2. എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു.
3. കുരികിൽ ഒരു വീടും മീവൽപക്ഷി കുഞ്ഞുങ്ങൾക്ക് ഒരു കൂടും കണ്ടെത്തിയിരിക്കുന്നു: എന്റെ രാജാവും എന്റെ ദൈവവുമായ സൈന്യങ്ങളുടെ യഹോവേ, നിന്റെ യാഗപീഠങ്ങളെ തന്നേ.
4. നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും.
5. ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്.

6. കണ്ണുനീർ താഴ്വരയിൽകൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അത് അനുഗ്രഹ പൂർണ്ണമായി തീരുന്നു.

7. അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു. എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു.

8. സൈന്യങ്ങളുടെ ദൈവമായ യഹോവേ, എന്റെ പ്രാർത്ഥന കേൾക്കേണമേ:

9. ഞങ്ങളുടെ പരിചയായ ദൈവമേ നോക്കേണമേ: നിന്റെ അഭിഷിക്തന്റെ മുഖത്തെ കടാക്ഷിക്കേണമേ.

10. നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലൊ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനായിരിക്കുന്നത് എനിക്ക് ഏറെ ഇഷ്ടം.

11. യഹോവയായ ദൈവം സൂര്യനും പരിചയും ആകുന്നു; യഹോവ കൃപയും മഹത്വവും നല്കുന്നു; നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുകയില്ല.

12. സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

**കാനോന വാക്യം** : *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

ബാവായ്ക്കും ................. അനാദി .................

**കാനോന വാക്യം** : *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു.

**കാനോന വാക്യം** : *"എല്ലാറ്റിനേയും ശുദ്ധീകരിക്കുന്ന ദൈവമെ, നിന്റെ വിശുദ്ധ മന്ദിരം എത്രയോ മനോഹരവും സ്തുതിക്കപ്പെട്ടതുമാകുന്നു."*

**ശമ്മാ :** നമുക്ക് പ്രാർത്ഥിക്കാം, നമ്മോടുകൂടെ സമാധാനം

**സ്ലോത്ത :** തന്റെ കൃപയാലും കരുണകളാലും ഞങ്ങളുടെ അന്വേഷണത്തിന്നായി പുറപ്പെടുകയും ഞങ്ങളുടെ വിനാശത്തിൽ ഞങ്ങളെ കണ്ടുപിടിക്കയും ഞങ്ങളുടെ തിരിച്ചുവരവിൽ ഇഷ്ടപ്പെടുകയും ചെയ്ത നല്ല ഇടയനായുള്ളോവേ, നിന്റെ മനോഗുണത്താൽ ഞങ്ങളുടെ നേരെ തിരിഞ്ഞ് നിന്റെ കുട്ടുംബാവകാശത്തിലേയ്ക്ക് ഞങ്ങളെ കൈക്കൊള്ളേണമെ എന്നേക്കും സർവ്വനാഥനായ.........

**(കർണ (മാമോദീശയ്ക്കുള്ള സൈത്ത്) എടുത്തുകൊണ്ടുവരുവാൻ കത്തിച്ച മെഴുകുതിരി, ധൂപം എന്നിവയോടുകൂടി പുരോഹിതനും ശമ്മാശനും മദ്ബ്ഹായിലേക്ക് പോകുന്നു. കർണ കൊണ്ടുവന്നതിനുശേഷം തക്സയും ഈവൻഗാലിയോനും സ്ലീവയും എടുത്തുകൊണ്ട് അവർ നേരെ ഹൈക്കലക്കു പുറത്തു നിൽക്കുന്ന പൈതങ്ങളുടെ അടുക്കലേക്ക് ചെല്ലുന്നു)**

**ശമ്മാ :** നമുക്ക് പ്രാർത്ഥിക്കാം, നമ്മോടുകൂടെ സമാധാനം

**[പുരോഹിതൻ കുട്ടികളുടെ തലമേൽ കൈവെച്ചു താഴെ പറയുന്ന സ്ലോത്ത ചൊല്ലുന്നു]**

**സ്ലോത്ത :** കർത്താവെ ഞങ്ങളോട് നീ അരുളിച്ചെയ്തതായ നിന്റെ കരുണകളുടെ വാഗ്ദത്തം നിറവേറ്റേണമെ. യാചിപ്പിൻ നിങ്ങൾക്കു ലഭിക്കും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറക്കും എന്ന് ഞങ്ങളോട് അരുളിച്ചെയ്ത നിന്റെ കരുണയുടെ വാഗ്ദത്തത്തെ കർത്താവേ നീ നിറവേറ്റേണമെ. വചനത്താലുള്ള പ്രവർത്തിയും വാഗ്ദത്തത്താലുള്ള സംരംഭവും ധന്യമാക്കപ്പെടുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ നിന്റെ നൽവരം വിജ്ഞാനികൾക്കും വിവേകികൾക്കും മാത്രമല്ല ലഭിക്കുന്നത് എന്നാലോ അറിവില്ലാത്തവരുടെ നിലയിലുള്ള സ്വഭാവത്തിൽ സ്ഥിതിചെയ്യുന്ന ശൈശവ അളവിലുള്ളവർക്കും നിന്റെ കരുണയുടെ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. നിന്റെ മുമ്പാകെ നില്ക്കുന്ന ഈ ശിശു(ക്കൾ)

അപ്രകാരമുള്ളവരാണല്ലോ. കൃപമൂലം ഇവരെ ജീവിപ്പിക്കുന്ന വലയിൽ പൊതിയേണമെ. പുണ്യമാകുന്ന മാമോദീസയുടെ പരിശുദ്ധ പാത്രത്തിൽ ഇവരെ ഇടേണമെ. അവിടെ നിന്ന് തങ്ങളുടെ വിശ്വാസത്തിന്റെ വളർച്ചക്കായി ആത്മീകമായ പുതുജനനം ഇവർ പ്രാപിക്കേണമെ. പാപത്തിന്റെ കറയാൽ ഇവരുടെ ശരീരം കളങ്കപങ്കിലമാകാതിരിക്കേണമെ. മാറ്റം വരാത്തതായ നൈർമ്മല്യം ഇവർ പ്രാപിക്കേണമെ. ഇവരെ മ്ശിഹായുടെ അവയവങ്ങളാക്കിത്തീർക്കേണമെ. തന്റെ രഹസ്യങ്ങളുടെ മേശയിൽനിന്ന് ഇവർ വളർച്ചപ്രാപിക്കേണമെ. ശാരീരികമായ വളർച്ചയിലും ആത്മീയപോഷണത്തിലും ഇവർ ഒന്നിച്ച് പുഷ്ടിപ്രാപിക്കേണമെ. വരുവാനിരിക്കുന്ന ലോകത്തിന്റെ ശക്തി നിന്റെ കൃപയാൽ ഇവർ ഗ്രഹിക്കുമാറാകട്ടെ. യാചിക്കാതെതന്നെ അതിന്റെ സാദൃശ്യത്തെ ഇപ്പോൾതന്നെ നീ ഇവർക്ക് നല്കിയിരിക്കുന്നുവല്ലോ. ഇവർ വിളിക്കാതെതന്നെ നിന്റെ വാതിൽ നീ ഇവർക്ക് തുറന്ന് കൊടുത്തിരിക്കുന്നു. തങ്ങളുടെ അടുത്തേക്കുള്ള നിന്റെ ദാനത്തെപ്രതി സത്യവാന്മാരായ നിന്റെ സുഹൃത്തുക്കളോടുകൂടെ ഇവർ നിനക്ക് സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും കരേറ്റുമാറാകേണമെ. ഹാശാ വൌഹുൽസ്വൻ.......

എല്ലാവരും : ആമീൻ

**[ഓരോ പൈതലിന്റേയും തലയ്ക്കുമുകളിൽ വായുവിൽ റൂശ്മചെയ്യുന്നു.]**

**[തള്ളവിരലിന്റെ അടുത്തുള്ള ചൂണ്ടാണിവിരൽകൊണ്ടു "കർണ്ണ"യിൽനിന്ന് സൈത്ത് തൊട്ട് പൈതങ്ങളുടെ ഓരോരുത്തരുടേയും നെറ്റിമേൽ താഴെനിന്ന് മേലോട്ടും അവരുടെ വലത്തുനിന്ന് ഇടത്തോട്ടും സ്ലീവ വരച്ചുകൊണ്ടു പറയുന്നു.]**

***"ഈ അഭിഷേക തൈലത്താൽ പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്താൽ (ഇന്നാ.......) മുദ്രയിടപ്പെടുന്നു"***

എല്ലാവരും : ആമീൻ

പൈതങ്ങളെ മാമ്മോദീഥ മുക്കുന്ന സ്ഥലമായ സങ്കീർത്തന മുറിയുടെ വാതിൽക്കലേക്ക് കൊണ്ടുവരുന്നു.

**[താഴെ നിന്ന് മേലോട്ടുള്ള ഒന്നാമത്തെ റുശ്മയുടെ അർത്ഥം : പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നു എന്നുള്ളതാണ്. രണ്ടാമത്തെ റുശ്മ മേലെനിന്ന് താഴോട്ടാകുന്നു. അതിന്റെ അർത്ഥമോ, ഉന്നതത്തിൽ സ്വർഗ്ഗത്തിൽനിന്നുള്ള മ്ശീഹായെ ധരിക്കുന്നു എന്നതാണ്. മൂന്നാമത്തെ റുശ്മയോ താഴെനിന്ന് മേലോട്ടാണ് അതിന്റെ അർത്ഥം ഭൂമിയുടെ അധോഭാഗങ്ങളിൽനിന്ന് സ്വർഗ്ഗത്തിന്റെ അത്യുന്നതങ്ങളിലേക്ക് കരേറ്റുന്നു എന്നുള്ളതാണ്; വിശുദ്ധ മാമോദീഥയാൽ വിമോചനം നൽകിക്കൊണ്ട് ഭൗമികനെ സ്വർഗ്ഗീയനാക്കുന്നു]**

**(വൈദികർ മാമോദീഥാ തൊട്ടിയുടെ മുന്നിൽ നിന്നുകൊണ്ട് താഴെയുള്ള കീർത്തനങ്ങൾ പാടുന്നു.)**

**പുരോ:** നീതിയുടെ വാതിലുകളേ, എനിക്കു തുറന്നുതരേണമേ

മനുഷ്യരുടെ വിമോചനത്തിന്നായി ആത്മീയ ശ്രീഭണ്ഡാരത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. മനുഷ്യർക്കെല്ലാം കരുണകളും മനോഗുണവും സ്വർഗ്ഗത്തിൽനിന്ന് ഈ ആത്മീയദാനത്താൽ ഇപ്പോൾ നൽകപ്പെടുന്നു. ആകയാൽ വിളിക്കപ്പെട്ട ഏവരുമായുള്ളോരേ, നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ഈ സന്തോഷത്തിലേക്കു നിങ്ങൾ പ്രവേശിപ്പിൻ. നിർമ്മലവും പരിശുദ്ധവുമായ ഹൃദയത്തോടും സത്യവിശ്വാസത്തോടുംകൂടെ നമ്മുടെ രക്ഷിതാവായ മ്ശീഹായ്ക്കു നിങ്ങൾ സ്തോത്രം ചെയ്വിൻ.

**ശമ്മാ :** സ്വർഗ്ഗത്തിന്റെ വാതിലുകൾ ഇതാ തുറക്കപ്പെട്ടു. (മനുഷ്യരുടെ വിമോചനത്തിന്നായി .............. ആവർത്തിക്കുക)

**പുരോ :** ബാവായ്ക്കും.......... നശിച്ചുപോയവർക്കു തുറക്കപ്പെട്ട സത്യത്തിന്റെ വാതിലായുള്ളോവേ, ഉന്നതത്തിലെ നിന്റെ ശ്രീഭണ്ഡാരത്തിലേയ്ക്കു പ്രവേശിക്കുവാൻ ഞങ്ങളെ വിളിക്കേണമേ.

**സ്ലോത്ത :** ഞങ്ങളെ ഞങ്ങളുടെ നാശത്തിൽ കണ്ടുപിടിച്ചവനും ഞങ്ങളുടെ ചിതറിപ്പോകലിൽ ഞങ്ങളെ കൂട്ടിച്ചേർത്തവനും ഞങ്ങളുടെ വിദൂരാവസ്ഥയെ തന്റെ ഭവനാവകാശത്തിലേക്ക് അടുപ്പിച്ചവനുമായ കർത്താവേ, ആത്മീക ആരാധന തിരുമുമ്പാകെ അർപ്പിക്കുന്നതിന് നിന്റെ കരുണയാൽ നല്ലൊരു തിരഞ്ഞെടുപ്പുമൂലം ഞങ്ങളെ തിരഞ്ഞെടുക്കേണമേ. എന്നേക്കും സർവ്വനാഥനായ.....

**സങ്കീർത്തനം 110 : 1 – അവസാനം വരെ**

**കാനോന വാക്യം** : *"ഞങ്ങളുടെ കർത്താവായ ഈശോവേ, നിന്റെ മനുഷ്യത്വം അബ്രാഹം, ദാവീദ് എന്നിവരിൽനിന്നും നിന്റെ സാരാംശം നിന്റെ പിതാവിൽനിന്നുമാകയാൽ ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു."*

1. യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്ക.
2. നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽ നിന്നും നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.
3. നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനയിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.
4. നീ മല്ക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു. അനുതപിക്കയുമില്ല.
5. നിന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവ് തന്റെ ക്രോധദിവസത്തിൽ രാജാക്കൻമാരെ തകർത്തുകളയും.
6. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കും; അവൻ എല്ലാടവും ശവങ്ങൾകൊണ്ടു നിറക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും.
7. അവൻ വഴിയരികെയുള്ള തോട്ടിൽ നിന്നു കുടിക്കും; അതുകൊണ്ട് അവൻ തല ഉയർത്തും.

[ൻസീവിനിലെ മെത്രാപ്പോലീത്തയായ മാർ ബർസോമ രചിച്ചതായ താഴെ പറയുന്ന ക്യാറോസൂത്ത ശമ്മാശൻ വായിക്കുന്നു]

*(നാം എല്ലാവരും മുട്ടുകുത്തുക)*

**ശമ്മാ :** നാം പ്രാർത്ഥിക്കുക, നമ്മോടുകൂടെ സമാധാനം.

നമ്മുടെ അടുക്കലേക്കുള്ള തന്റെ അത്യധികമായ സ്നേഹത്താൽ ലോകത്തിലേക്ക് തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുകയും നമ്മെ അടിമപ്പെടുത്തുന്ന സ്വത്തിന്റെ അടിമത്വത്തിലേക്ക് നമ്മെ വീഴ്ത്തുന്ന തെറ്റിന്റെ അന്ധകാരത്തിൽനിന്ന് തന്റെ വെളിപാടിന്റെ പ്രകാശത്താൽ നമ്മെ രക്ഷിക്കുകയും ചെയ്തവനായ പിതാവായ ദൈവത്തെ നാം പുകഴ്ത്തുകയും അവനോട് തകർന്ന ഹൃദയത്തോടെയുള്ള സങ്കടത്തോടെ യാചിക്കുകയും സത്യവിശ്വാസത്തോടെ അപേക്ഷിക്കുകയും ചെയ്യുക. നമ്മുടെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പിതാവിന്റെ സ്വഭാവത്തിൽനിന്നുള്ള സത്യത്തിന്റെ പുത്രനെ നാം പുകഴ്ത്തുക. എന്തെന്നാൽ സ്വന്ത ഇഷ്ടത്താൽ അവൻ തന്നത്താൻ താഴ്ത്തി തന്റെ കരുണയാൽ നമ്മുടെ ശരീരം ധരിച്ച് തന്മൂലം നമ്മെ തന്റെ സമീപത്തേയ്ക്ക് അടുപ്പിച്ചു. മാത്രമല്ല തന്റെ ഉപദേശത്തിന്റെ സത്യത്താൽ നമ്മെ നവീകരിക്കുകയും പ്രകാശത്തിന്റെ പാതയേയും നിത്യജീവന്റെ വഴിയേയും നമുക്ക് കാണിച്ചുതരികയും ചെയ്തു. ആകയാൽ അനുതാപത്തിന്റെ കണ്ണുനീരോടും നിർമ്മല ചിന്തകളുടെ നെടുവീർപ്പോടും കൂടെ നമ്മുടെ തകർച്ചക്ക് ഒരിക്കലും ആഗ്രഹിക്കാത്തവനും നമ്മുടെ വൃണങ്ങളെ ഒരിക്കലും അധികമാക്കാത്തവനും എന്നാൽ തന്റെ കരുണയാൽ ദീർഘക്ഷമയുള്ളവനും തന്റെ കൃപയുടെ കാരുണ്യത്താൽ നമ്മുടെ ഞെരുക്കങ്ങളെ സഹിച്ചവനും തന്റെ വചനങ്ങളുടെ ഔഷധത്താൽ നമ്മുടെ മുറിവുകളെ പൊറിപ്പിച്ചവനും നമ്മുടെ രോഗസ്ഥിതിയെ സൗഖ്യമാക്കിയവനും നമ്മുടെ വീഴ്ചയെ എഴുന്നേല്പിച്ചവനും നമ്മുടെ ആത്മാക്കളുടെ വൈദ്യനുമായ ഈശോമ്ശിഹായോട് നാം പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ നമ്മുടെ മുട്ടു

**സ്ലോത്ത :** ഞങ്ങളെ ഞങ്ങളുടെ നാശത്തിൽ കണ്ടുപിടിച്ചവനും ഞങ്ങളുടെ ചിതറിപ്പോകലിൽ ഞങ്ങളെ കൂട്ടിച്ചേർത്തവനും ഞങ്ങളുടെ വിദൂരാവസ്ഥയെ തന്റെ ഭവനാവകാശത്തിലേക്ക് അടുപ്പിച്ചവനുമായ കർത്താവേ, ആത്മീക ആരാധന തിരുമുമ്പാകെ അർപ്പിക്കുന്നതിന്ന് നിന്റെ കരുണയാൽ നല്ലൊരു തിരഞ്ഞെടുപ്പുമൂലം ഞങ്ങളെ തിരഞ്ഞെടുക്കേണമേ. എന്നേക്കും സർവ്വനാഥനായ.....

## സങ്കീർത്തനം 110 : 1 - അവസാനം വരെ

**കാനോന വാക്യം** : *"ഞങ്ങളുടെ കർത്താവായ ഈശോവേ, നിന്റെ മനുഷ്യത്വം അബ്രാഹം, ദാവീദ് എന്നിവരിൽനിന്നും നിന്റെ സാരാംശം നിന്റെ പിതാവിൽനിന്നുമാകയാൽ ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു."*

1. യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്ക.
2. നിന്റെ ബലമുള്ള ചെങ്കോൽ യഹോവ സീയോനിൽ നിന്നും നീട്ടും; നീ നിന്റെ ശത്രുക്കളുടെ മദ്ധ്യേ വാഴുക.
3. നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനയിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.
4. നീ മല്ക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു. അനുതപിക്കയുമില്ല.
5. നിന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവ് തന്റെ ക്രോധദിവസത്തിൽ രാജാക്കൻമാരെ തകർത്തുകളയും.
6. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കും; അവൻ എല്ലാടവും ശവങ്ങൾകൊണ്ടു നിറക്കും; അവൻ വിസ്താരമായ ദേശത്തിന്റെ തലവനെ തകർത്തുകളയും.
7. അവൻ വഴിയരികെയുള്ള തോട്ടിൽ നിന്നു കുടിക്കും; അതുകൊണ്ട് അവൻ തല ഉയർത്തും.

[ൻസീവിനിലെ മെത്രാപ്പോലീത്തയായ മാർ ബർസോമ രചിച്ചതായ താഴെ പറയുന്ന ക്യാറോസൂത്ത ശമ്മാശൻ വായിക്കുന്നു]

*(നാം എല്ലാവരും മുട്ടുകുത്തുക)*

**ശമ്മാ :** നാം പ്രാർത്ഥിക്കുക, നമ്മോടുകൂടെ സമാധാനം.

നമ്മുടെ അടുക്കലേക്കുള്ള തന്റെ അത്യധികമായ സ്നേഹത്താൽ ലോകത്തിലേക്ക് തന്റെ ഏകജാതനായ പുത്രനെ അയയ്ക്കുകയും നമ്മെ അടിമപ്പെടുത്തുന്ന സ്വത്തിന്റെ അടിമത്വത്തിലേക്ക് നമ്മെ വീഴ്ത്തുന്ന തെറ്റിന്റെ അന്ധകാരത്തിൽനിന്ന് തന്റെ വെളിപാടിന്റെ പ്രകാശത്താൽ നമ്മെ രക്ഷിക്കുകയും ചെയ്തവനായ പിതാവായ ദൈവത്തെ നാം പുകഴ്ത്തുകയും അവനോട് തകർന്ന ഹൃദയത്തോടെയുള്ള സങ്കടത്തോടെ യാചിക്കുകയും സത്യവിശ്വാസത്തോടെ അപേക്ഷിക്കുകയും ചെയ്യുക. നമ്മുടെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പിതാവിന്റെ സ്വഭാവത്തിൽനിന്നുള്ള സത്യത്തിന്റെ പുത്രനെ നാം പുകഴ്ത്തുക. എന്തെന്നാൽ സ്വന്ത ഇഷ്ടത്താൽ അവൻ തന്നത്താൻ താഴ്ത്തി തന്റെ കരുണയാൽ നമ്മുടെ ശരീരം ധരിച്ച് തന്മൂലം നമ്മെ തന്റെ സമീപത്തേയ്ക്ക് അടുപ്പിച്ചു. മാത്രമല്ല തന്റെ ഉപദേശത്തിന്റെ സത്യത്താൽ നമ്മെ നവീകരിക്കുകയും പ്രകാശത്തിന്റെ പാതയേയും നിത്യജീവന്റെ വഴിയേയും നമുക്ക് കാണിച്ചുതരികയും ചെയ്തു. ആകയാൽ അനുതാപത്തിന്റെ കണ്ണുനീരോടും നിർമ്മല ചിന്തകളുടെ നെടുവീർപ്പോടും കൂടെ നമ്മുടെ തകർച്ചക്ക് ഒരിക്കലും ആഗ്രഹിക്കാത്തവനും നമ്മുടെ വ്യണങ്ങളെ ഒരിക്കലും അധികമാക്കാത്തവനും എന്നാൽ തന്റെ കരുണയാൽ ദീർഘക്ഷമയുള്ളവനും തന്റെ കൃപയുടെ കാരുണ്യത്താൽ നമ്മുടെ ഞെരുക്കങ്ങളെ സഹിച്ചവനും തന്റെ വചനങ്ങളുടെ ഔഷത്താൽ നമ്മുടെ മുറിവുകളെ പൊറിപ്പിച്ചവനും നമ്മുടെ രോഗസ്ഥിതിയെ സൗഖ്യമാക്കിയവനും നമ്മുടെ വീഴ്ചയെ എഴുന്നേല്പിച്ചവനും നമ്മുടെ ആത്മാക്കളുടെ വൈദ്യനുമായ ഈശോമ്ശിഹായോട് നാം പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ നമ്മുടെ മുട്ടു

മറുപടിയായി നമ്മുടെ കർത്താവ് ഇപ്രകാരം പറയുന്ന ശബ്ദം അവർ കേൾക്കുമാറാകട്ടെ. "നല്ലവരും വിശ്വസ്തന്മാരുമായ ദാസന്മാരെ, നിങ്ങൾ അല്പത്തിൽ വിശ്വസ്തന്മാരായി; ഇതാ നിങ്ങളുടെ കൈകളിൽ അധികത്തെ ഞാൻ ഭരമേല്പിക്കുന്നു." ഒന്നിച്ച് നാമെല്ലാവരും ഐക്യത്തോടെ പിതാവിന്നും പുത്രന്നും റൂഹാദ്കുദ്ശായ്ക്കും സ്തുതി ഉയർത്തുക. അഴിഞ്ഞുപോകാത്തതായ പുതിയ ജീവന്ന് മ്ശിഹായുടെ കൃപയാൽ സ്വർഗ്ഗരാജ്യത്തിൽ നമ്മെ യോഗ്യരാക്കുമാറാകട്ടെ.

*ദൈവത്തിന്റെ കൃപയാൽ നാം എഴുന്നേറ്റു നില്ക്കുക.*

**സ്ലോത്ത :** നിന്റെ ബഹുമാനത്തിന്ന് വിശുദ്ധിയുള്ള പാത്രങ്ങളായിത്തീരുവാൻ ഞങ്ങളുടെ ശരീരത്തിന്റെ മുറിവുകളിന്മേൽ തൈലവും എണ്ണയും പകർന്നു ഞങ്ങളുടെ രോഗത്തെ സൗഖ്യമാക്കുകയും ഒരു ഇസോപ്പിനാൽ എന്നപോലെ നിന്റെ ആത്മാവിനാൽ ഞങ്ങളുടെ ആത്മാക്കളുടെ പാപമാകുന്ന മുറിവിനെ വെടിപ്പാക്കി പൊറുപ്പിക്കുകയും ചെയ്യുന്ന നിനക്കു സ്തുതി. എന്നേക്കും സർവ്വനാഥനായ.........

**സങ്കീർത്തനം 132 : 1— അവസാനം വരെ.**

**കാനോന വാക്യം :** *"തന്റെ സഭയെ സ്വർഗ്ഗീയരുടെ ദൃഷ്ടാന്തമായി നിർത്തുകയും തന്റെ മഹത്വംകൊണ്ടു അതിനെ നിറയ്ക്കുകയും പാപികളെ മോചിക്കുന്ന മാമോദീഥായെ അതിന്ന് നല്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു."*

1. യഹോവേ, ദാവീദിനെയും അവന്റെ സകല കഷ്ടതയെയും ഓർക്കേണമേ.
2. അവൻ യഹോവയോടു സത്യം ചെയ്തു യാക്കോബിന്റെ വല്ലഭന്നു നേർന്നത്
3. എന്തെന്നാൽ; ഞാൻ യഹോവയ്ക്ക് ഒരു സ്ഥലം.
4. യാക്കോബിന്റെ വല്ലഭന് ഒരു നിവാസം കണ്ടെത്തുംവരെ ഞാൻ എന്റെ കൂടാരവീട്ടിൽ കടക്കയില്ല; എന്റെ ശയ്യമേൽ കയറി കിടക്കുകയുമില്ല.

5. ഞാൻ എന്റെ കണ്ണിന്ന് ഉറക്കവും എന്റെ കൺപോളക്ക് മയക്കവും കൊടുക്കയില്ല.

6. നാം എഫ്രാത്തയിൽ അതിനെകുറിച്ചു കേട്ടു വനപ്രദേശത്ത് അതിനെ കണ്ടെത്തിയല്ലോ.

7. നാം അവന്റെ തിരുനിവാസത്തിലേക്കു ചെന്ന് അവന്റെ പാദപീഠത്തിങ്കൽ നമസ്കരിക്കുക.

8. യഹോവേ, നീ നിന്റെ ബലത്തിന്റെ പെട്ടകവുമായി നിന്റെ വിശ്രാമത്തിലേക്ക് എഴുന്നെള്ളേണമേ.

9. നിന്റെ പുരോഹിതന്മാർ നീതി ധരിക്കയും നിന്റെ ഭക്തന്മാർ ഘോഷിച്ചുല്ലസിക്കയും ചെയ്യട്ടെ.

10. നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖത്തെ തിരിച്ചു കളയരുതേ.

11. ഞാൻ നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഇരുത്തുമെന്നും നിന്റെ മക്കൾ എന്റെ നിയമത്തെയും ഞാൻ അവർക്ക് ഉപദേശിച്ച സാക്ഷ്യത്തെയും പ്രമാണിക്കുമെങ്കിൽ അവരുടെ മക്കളും എന്നേക്കും നിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നും.

12. യഹോവ ദാവീദിനോട് ആണയിട്ടു. സത്യം; അവൻ അതിൽ നിന്നും മാറുകയില്ല.

13. യഹോവ സീയോനെ തെരഞ്ഞെടുക്കുകയും അതിനെ തന്റെ വാസസ്ഥലമായി ഇച്ഛിക്കയും ചെയ്തു.

14. അത് എന്നേക്കും എന്റെ വിശ്രാമം ആകുന്നു; ഞാൻ അതിനെ ഇച്ഛിച്ചിരിക്കയാൽ ഞാൻ അവിടെ വസിക്കും.

15. അതിലെ ആഹാരം ഞാൻ സമൃദ്ധിയായി അനുഗ്രഹിക്കും; അതിലെ ദരിദ്രന്മാർക്ക് അപ്പം കൊണ്ടു തൃപ്തി വരുത്തും.

16. അതിലെ പുരോഹിതൻമാരെയും രക്ഷ ധരിപ്പിക്കും; അതിലെ ഭക്തൻമാർ ഘോഷിച്ചുല്ലസിക്കും.

17. അവിടെ ഞാൻ ദാവീദിന്ന് ഒരു കൊമ്പ് മുളപ്പിക്കും. എന്റെ അഭിഷിക്തന്ന് ഒരു ദീപം ഒരുക്കീട്ടുമുണ്ട്.

18. ഞാൻ അവന്റെ ശത്രുക്കളെ ലജ്ജ ധരിപ്പിക്കും അവന്റെ തല യിലോ കിരീടം ശോഭിക്കും.

ബാവയ്ക്കും പുത്രനും................. സീനായ് പർവ്വതത്തിൽ തന്റെ പരിശുദ്ധ സാന്നിദ്ധ്യത്തെ ആവസിപ്പിക്കുകയും ഭയഭക്തിയാൽ അതിനെ വിശുദ്ധീകരിക്കുകയും ചെയ്ത പരിശുദ്ധനായുള്ളോവേ, നിന്റെ സഭയ്ക്കുള്ളിൽ നിന്റെ സമാധാനം ആവസിപ്പിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും ചെയ്യേണമേ.

**[സങ്കീർത്തനത്തിന്റെ ആദ്യ വാക്യം]** നിന്റെ പരിശുദ്ധന്മാരായ എല്ലാവരുടേയും പ്രാർത്ഥനമൂലം ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളോട് ദയചെയ്യുകയും ഞങ്ങൾക്ക് മോചനം നല്കുകയും നിന്റെ സഭയെ നിലനിർത്തുകയും അതിന്റെ സന്താനങ്ങളെ കാത്തുകൊള്ളുകയും ചെയ്യേണമേ.

**ശമ്മാശൻ :** നാം പ്രാർത്ഥിക്കുക. നമ്മോടുകൂടെ സമാധാനം

**സ്ലോത്ത :** പ്രത്യുപകാരം ചെയ്‌വാൻ കഴിയാത്ത ഞങ്ങളോടുള്ള നിന്റെ സർവ്വസഹായങ്ങൾക്കും കൃപകൾക്കുംവേണ്ടി, എല്ലാ സഹായങ്ങളും നന്മകളും നിറഞ്ഞ കിരീടധാരിണിയായ നിന്റെ സഭയിൽ ഇടവിടാതെ ഞങ്ങൾ നിന്നെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ എല്ലാവരുടേയും സ്രഷ്ടാവും നാഥനും നീയ്യാകുന്നു. എന്നേക്കും സർവ്വനാഥനായ...............

സർവ്വത്തിന്റെയും നാഥനായുള്ളോവേ!നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. ഈശോമ്ശിഹായേ! നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, നീ ഞങ്ങളുടെ ആത്മാക്കളുടെ രക്ഷകനുമാകയാൽ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു

വാക്യം: *"വെള്ളത്തിൻമീതെ ഇതാ കർത്താവിന്റെ ശബ്ദം; മഹത്വപ്പെട്ട ദൈവം ഘോഷിക്കുന്നു"*. **[ഈ വാക്യം പറയുമ്പോൾ മാമോദീസാ തൊട്ടിയിൽ ആവശ്യത്തിന്ന് വേണ്ടത്ര വെള്ളമൊഴിക്കുന്നു ഈവൻഗാലിയോനും സ്ലീവയും തൊട്ടിയിന്മേൽ വെയ്ക്കുന്നു. തുടർന്നു ചൊല്ലുന്നു.]**

സർവ്വത്തിന്റെയും നാഥനായുള്ളോവേ! ..............................

ബാവായ്ക്കും .......... അനാദി ........... (സർവ്വത്തിന്റെയും ....)

**സ്സോത്ത:** കർത്താവേ, സത്യമായും നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളുടെ നല്ല രക്ഷകനും ഞങ്ങളുടെ ജീവനെ നിരന്തരം കാത്തുസൂക്ഷിക്കുന്നവനും ആകുന്നു. എല്ലായ്പോഴും നിന്നെ പുകഴ്ത്തുവാനും ആരാധിക്കുവാനും സ്തുതിക്കുവാനും ഞങ്ങൾ കടക്കാരാകുന്നു. എന്നേക്കും സർവ്വനാഥനായ......

**ശമ്മാശൻ :** സർവ്വജനമേ നിങ്ങളുടെ ശബ്ദം ഉയർത്തി......

പരിശുദ്ധനായ ദൈവമേ!
പരിശുദ്ധനായ ബലവാനേ!
പരിശുദ്ധനായ അമർത്യനേ!
ഞങ്ങളോടു കരുണയുണ്ടാകേണമേ.
ബാവായ്ക്കും പുത്രനും റൂഹാദ് കുദ്ശായ്ക്കും സ്തുതി.
പരിശുദ്ധനായ ദൈവമേ! ....................................
അനാദി മുതൽ എന്നന്നേയ്ക്കും ആമേൻ
പരിശുദ്ധനായ ദൈവമേ! ..................................

**ശ്ലീഹായ്ക്കുള്ള സ്സോത്ത :** ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ, ദൈവീകവും ജീവിപ്പിക്കുന്നതുമായ നിന്റെ കല്പനകളുടെ മധുരമുള്ള സ്വരത്തെ ശ്രദ്ധയോടെ കേൾക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നുമായി ഞങ്ങളുടെ ഉള്ളിന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുകയും ഞങ്ങളുടെ ആത്മശരീരങ്ങൾക്ക് ഉതകുന്ന ഗുണങ്ങളായ സ്നേഹം, പ്രത്യാശ, രക്ഷ എന്നിവയെ നിന്റെ കൃപയാലും കരുണകളാലും ഞങ്ങൾ സംഭരിക്കുവാനും ഞങ്ങൾ ഇടവിടാതെ എല്ലായ്പ്പോഴും നിനക്കു സ്തോത്രം പാടേണ്ടതിന്നും ഞങ്ങൾക്ക് (കൃപ) നല്കുകയും ചെയ്യുമാറാകേണമേ എന്നേക്കും സർവ്വനാഥനായ........

**ശമ്മാശനെ അനുഗ്രഹിച്ചുകൊണ്ട് പുരോഹിതൻ പറയുന്നു :** "മ്ശിഹാ തന്റെ ദിവ്യോപദേശത്താൽ നിങ്ങളെ ജ്ഞാനിയാക്കട്ടെ. നിങ്ങളെ ശ്രദ്ധിക്കുന്ന എല്ലാവർക്കും നിങ്ങളെ മനോഹരകണ്ണാടിയാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ."